ഉത്തരം.

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

കീക്കൊഴൂർ ഗവണ്മെൻറ് പ്രൈമറിസ്കൂൾ കാമ്പൗണ്ടിൽ കല്ലട.

267. [26] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട താലൂക്കിൽ കോഴഞ്ചേരി പ്രൈമറി ഡിസ്ട്രിക്റ്റിൽപ്പെട്ട കീക്കൊഴൂർ ഗവണ്മെൻറ് പ്രൈമറിസ്കൂൾ കാമ്പൗണ്ടിൽ കല്ലട കെട്ടുന്നതിനുള്ള നടപടി എന്തായി ;

(ബി) ടി സ്കൂളിൻറെ കല്ലട ഉടൻതന്നെ പണിയുന്നതിന് ഗവണ്മെൻറ് തയ്യാറാകുമോ ?

ഉത്തരം.

(എ) (ബി) കല്ലട കെട്ടുന്നതു് അസൗകര്യമായതിനാൽ സൗകര്യമായ ഒരു വഴി ഉണ്ടാക്കാനുള്ള നടപടി എടുത്തുകൊണ്ടിരിക്കുന്നു.

ചിറമേൽ സൗണ്ടർ പ്രൈമറി സ്കൂൾ.

268. [27] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പത്തനംതിട്ട താലൂക്കിൽ കോഴഞ്ചേരി ഡിസ്ട്രിക്റ്റിൽപ്പെട്ട ചിറമേൽ സൗണ്ടർ പ്രൈമറിസ്കൂളിൽ സ്ഥലസൗകര്യമില്ലാത്തതിനാൽ കൂടുതൽ സ്ഥലസൗകര്യം ഉണ്ടാക്കുന്നതിനു് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കുമോ ?

ഉത്തരം.

അനേഷിച്ചു് കൂടുതൽ സ്ഥലസൗകര്യം ആവശ്യമാണെന്നുകണ്ടാൽ അതു് ഉണ്ടാക്കുന്നതിനു് വേണ്ട നടപടി എടുക്കുന്നതാണു്.

Geological Survey.

269. [30] SHRI T. T. DANIEL: Will the Chief Minister be pleased to state :

(a) Has the Government made a Geological survey of Sy. Nos. 2703, 2704, 2706 of Darsanamcope Pakuthy, Thovala Taluk;

(b) if so, what kinds of minerals are available in this area;

(c) if any minerals are available on a commercial scale in the above survey numbers?

Answer.

(a) No.

(b & c) Do not arise.

LIBRARY ARCHIVES Kerala Legislative Assembly